# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1682** **04.12.2015 ൽ മറുപടിയ്ക്ക്**

## പച്ചതേങ്ങ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ. ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേരഫെഡ് കർഷകരിൽ നിന്നും എത്ര രൂപയ്ക്കാണ് പച്ചതേങ്ങ സംഭരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) കേരഫെഡ് കർഷകരിൽ നിന്നും കിലോഗ്രാമിന് 25 രൂപ നിരക്കിലാണ് നിലവിൽ പച്ചതേങ്ങ സംഭരിക്കുന്നത്. |
| (ബി) കഴിഞ്ഞ ജൂലായിൽ കൊപ്ര വില ഉയർന്നപ്പോൾ വില പിടിച്ചു നിർത്താൻ 20 കോടി രൂപ കേരഫെഡിന് നൽകാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നോ ; എങ്കിൽ എത്ര കോടി രൂപ നൽകിയെന്ന് വെളിപ്പെടുത്തുമോ ; | (ബി) നാളികേരത്തിന് വില കുറഞ്ഞപ്പോൾ ഇതുമൂലം ബുദ്ധിമുട്ട് നേരിടുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കോടി രൂപ കേരഫെഡിന് നൽകുവാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിക്കുകയും 10 കോടി രൂപയും കേരഫെഡിന് നല്കുകയും ചെയ്തിട്ടുണ്ട്. |
| (സി) കർഷകരിൽ നിന്നും സംഭരിക്കുന്ന പച്ചതേങ്ങ ഉണക്കി കൊപ്രാ ആക്കുമ്പോൾ ക്വിന്റലിന് എത്ര രൂപ ചെലവ് വരും ; പൊതു വിപണിയിൽ കൊപ്രയ്ക്ക് ക്വിന്റലിന് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ; | (സി) കർഷകരിൽ നിന്നും കേരഫെഡ് സംഭരിക്കുന്ന പച്ചതേങ്ങ ഉണക്കി കൊപ്ര ആക്കുമ്പോൾ ക്വിന്റലിന് 600/- രൂപ ചെലവ് വരും. പൊതു വിപണിയിൽ ഇപ്പോൾ (30.11.2015) ക്വിന്റലിന് 7100/- രൂപയാണ് കൊപ്രയുടെ വില. |
| (ഡി) കർഷകരുടെ താത്പര്യം സംരക്ഷിക്കുന്നതിനായി പ്രസ്തുത അധിക ബാദ്ധ്യത ഏറ്റെടുക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ ? | (ഡി) പച്ചതേങ്ങ ഉണക്കി കൊപ്രയാക്കുന്ന പ്രക്രിയയ്ക്ക് കൈകാര്യചെലവിനത്തിൽ 500 രൂപയും ഇതിനായി നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളവും, ഗതാഗത ചെലവും സർക്കാർ വഹിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

35